# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2734      18.08.2017 -ൽ മറുപടിക്ക്

### നിർബന്ധ മലയാളഭാഷാപഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.ജെ.ജോസഫ്<br>ശ്രീ.സി.എഫ്.തോമസ് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ | മലയാളഭാഷാ പഠനം നിർബന്ധമാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് വിദ്യാലയങ്ങളിൽ നടപ്പിലാക്കി തുടങ്ങിയോ; | എ | നടപ്പിലാക്കിത്തുടങ്ങിയിട്ടില്ല. മലയാളം പഠിപ്പിക്കേണ്ടാത്ത സ്കൂളുകളിൽ ഒന്നാംതരം മുതൽ (സ്കൂളിലെ ഏറ്റവും താഴ്ന്ന ക്ലാസ്സ് മുതൽ) ക്രമാനുഗതമായി പത്താംതരം വരെ മലയാളഭാഷ പഠിപ്പിക്കണമെന്നാണ് മലയാള ഭാഷാ പഠന ആക്ട് വിഭാവന ചെയ്യുന്നത്. ഈ ആക്ടിനെ സംബന്ധിച്ച ചട്ടങ്ങളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. അത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ സ്കൂളുകളിൽ മലയാള ഭാഷാപഠനം ആരംഭിക്കാൻ കഴിയൂ. |
| ബി | പ്രസ്തുത ഉത്തരവ് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകൾക്കും ബാധകമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബി | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ എയ്ഡഡ്, അൺ എയ്ഡഡ്, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകൾക്കും മലയാള ഭാഷാപഠന ആക്ട് ബാധകമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | |
| **സി** | ഹയർ സെക്കണ്ടറിതലത്തിലും മലയാളഭാഷാ പഠനം നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | **സി** | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ